അപരാഹ്ന സമ്മേളനം

5.00 P.M.] സഭ വൈകുന്നേരം 5.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ വീണ്ടും യോഗം ചേർന്നു.

VIII 58-ാം ചട്ടപ്രകാരമുള്ള ചർച്ച

മി. സ്പീക്കർ: ചട്ടം 58 അനുസരിച്ചുള്ള ചർച്ചയ്ക്ക് ഒരു മണിക്കൂറാണ് സാധാരണ അനുവദിക്കുക. പക്ഷേ ബി.എ.സി. കൂടി രണ്ടുമണിക്കൂർ എന്ന് തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് റൂൾ 59(2) സഭയുടെ അനുമതിയോടുകൂടി waive ചെയ്യുന്നു.

IX (a) ക്രമപ്രശ്നം

റൂൾ 130 പ്രകാരമാണ് ചർച്ച നടത്തേണ്ടിയിരുന്നത് എന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ ഒരു ക്രമപ്രശ്നം ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. റൂൾ 58 അനുസരിച്ചുള്ള ചർച്ചയിൽ ഔപചാരികമായ പ്രമേയം പാടില്ല എന്ന് പ്രത്യേകിച്ച് പറയുന്നുണ്ട്. ഔപചാരികമായ ഒരു പ്രമേയമാണ് ഗവൺമെന്റ് കൊണ്ടുവരേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഈ സഭയിൽ നൽകിയിട്ടുള്ള ഉറപ്പ്, അതിനെസംബന്ധിച്ച് ഗവൺമെന്റിന്റേയും ഈ സഭയുടേയും consensus അറിയുന്നതിനുവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു പ്രമേയം കൊണ്ടുവരുമെന്നാണ്. അതിന്റെ ഭാഗമായി ചട്ടം 130 പ്രകാരം ഗവൺമെന്റ് പ്രമേയവും കൊണ്ടുവരും, ചട്ടം 275 അനുസരിച്ചുള്ള substantive motion-ഉം കൊണ്ടുവരുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. അങ്ങനെ വന്നുകഴിഞ്ഞാൽ എനിക്ക് ഭേദഗതി കൊടുക്കാൻ പറ്റുമായിരുന്നു. എനിക്ക് ഭേദഗതി കൊടുക്കാൻ കഴിയാതിരിക്കുന്നതിന്റെ പ്രധാന കാരണം റൂൾ 58 പ്രകാരം ഈ പ്രമേയം കൊണ്ടുവന്നതാണ്. റൂൾ 58 പ്രകാരം ഔപചാരികമായ പ്രമേയമല്ല ഇതെന്ന് റൂളിൽ പ്രത്യേകിച്ച് പറയുന്നുണ്ട്. റൂൾ 58 പ്രകാരം സഭയിൽ ഔപചാരികമായ പ്രമേയം അവതരിപ്പിക്കാനോ വോട്ടെടുപ്പ് നടത്താനോ പാടില്ല. നോട്ടീസ് നൽകിയ അംഗത്തിന് ഒരു ലഘു പ്രസ്താവന നടത്താം, മന്ത്രിക്ക് ചുരുക്കത്തിൽ ഒരു മറുപടിയും പറയാം. ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചാൽ ഒരു ചർച്ചയും നടത്താം. ഒരു മണിക്കൂറാണ് ഇതിനുള്ളത്. കേരളത്തിലെ മതന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം, പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു പ്രമേയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയ്ക്കു നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഈ സഭയുടെ consensus അറിയണമെങ്കിൽ ഇതൊരു ഔപചാരിക പ്രമേയമായി കൊണ്ടുവരണം. ഇതൊരു അനൗപചാരിക പ്രമേയമാണ്. റൂൾ 58 പ്രകാരം ഇതുകൊണ്ടുവരാൻ പാടില്ല എന്നാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly